# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1076 — 14.06.2012-ന് മറുപടിയ്ക്ക്

### പ്രവാസികൾക്ക് വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികളുടെ മക്കളുടെ വിദ്യാഭ്യാസം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. പ്രവാസികളുടെ മക്കളുടെ വിദ്യാഭ്യാസം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റിനായി വില്ലേജ് ആഫീസുകളിൽ അപേക്ഷ ലഭിക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അന്വേഷണം നടത്തിയും അപേക്ഷകൻ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും യഥാസമയം സർട്ടിഫിക്കറ്റ് അനുവദിക്കാറുണ്ട്. |
| (ബി) പ്രസ്തുത ആവശ്യത്തിനായി അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതു മൂലം പല കുട്ടികളുടേയും വിദ്യാഭ്യാസം മുടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കുമോ ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ